**കേരള സർക്കാർ**

**സംഗ്രഹം**

പെൻഷൻ - ചീഫ് എഞ്ചിനീയറായി വിരമിച്ച ശ്രീ.കെ.കെ.രമേശന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ(സാധാ) നം.**10145/2018/ധന.** തിരുവനന്തപുരം,തീയതി.**11/12/2018**

---

പരാമർശം:- 1. 04/10/2018 - ലെ സ.ഉ(പി)നം.8521/2018/ധന നമ്പർ ഉത്തരവ്.
2. 11/10/2018 - ലെ O.A.1443/2018 നമ്പർ വിധി.

**ഉത്തരവ്**

ഇറിഗേഷൻ വകുപ്പിൽ നിന്നും ചീഫ് എഞ്ചിനീയറായി വിരമിച്ച ശ്രീ.കെ.കെ.രമേശന് വിജിലൻസ് കേസ് തീർപ്പാക്കാനുള്ളതിനാൽ 80% പ്രൊവിഷണൽ പെൻഷൻ അനുവദിച്ചുകൊണ്ട് സൂചന(1) പ്രകാരം ഉത്തരവായിരുന്നു. പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.കെ.കെ.രമേശൻ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ O.A.1443/2018 ഫയൽ ചെയ്യുകയും ശ്രീ.കെ.കെ.രമേശനെതിരെ വിരമിച്ച അവസരത്തിൽ യാതൊരു കോടതി നടപടിയും നിലവിലുള്ളതായി കരുതുവാൻ കഴിയില്ല എന്ന് കോടതി നിരീക്ഷിക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ സൂചന(2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.കെ.രമേശനെതിരെ വിരമിച്ച അവസരത്തിൽ യാതൊരു കോടതി നടപടിയും നിലവിലുള്ളതായി കരുതുവാൻ കഴിയില്ല എന്ന് കോടതി നിരീക്ഷിച്ചിരിക്കുന്ന സാഹചര്യത്തിൽ കോടതി ഉത്തരവ് പാലിച്ച് ടിയാന് മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) പ്രസ്തുത കുടുംബ പെൻഷൻ നൽകുന്നതിനാവശ്യമായ അധികാരദാനം അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-101-99 കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

(...........2)

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള,തിരുവനന്തപുരം
2. അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ ( ഇ.ആൻറ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ചീഫ് എഞ്ചിനീയർ,ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ,പബ്ളിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം.
5. കെ.കെ.രമേശൻ,ചീഫ് എഞ്ചിനീയർ, കരിങ്ങാട്ട് പറമ്പിൽ,വിദ്യാ നഗർ, നോർത്ത് മാറാഡി, മൂവാറ്റുപ്പുഴ,എറണാകുളം - 686661.
6. ജലവിഭവ വകുപ്പ്, സെക്രട്ടറിയേറ്റ്,തിരുവനന്തപുരം -695001.
7. ജില്ലാ ട്രഷറി ഓഫീസർ,നഡവൂർ.പി.ഒ, മൂവാറ്റുപ്പുഴ,എറണാകുളം
8. നോഡൽ ഓഫീസർ , www.finance.kerala.gov.in.
9. സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.(E.982097).

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**